# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 917 — 30.11.2018-ൽ മറുപടിയ്ക്ക്

## കോഴിക്കർഷകരുടെ സംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ.മാക്സി | | അഡ്വ.കെ.രാജു<br>*(വനം,മൃഗസംരക്ഷണം ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രി)* |
| എ) | സംസ്ഥാനത്തെ കോഴിക്കർഷകരുടെ സംരക്ഷണത്തിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ? | എ) | സംസ്ഥാനത്തെ കോഴിക്കർഷകരുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങൾ മുഖേന 46-60 ദിവസം പ്രായമായ ഗുണമേന്മയുള്ള മുട്ട കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നു. ഈ ആവശ്യത്തിലേക്കായി 2018-19 വർഷം ഒക്ടോബർ മാസം വരെ മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങളിലും ഹാച്ചറികളിലുമായി 22,09,804 കോഴികുഞ്ഞുങ്ങളെയും 72,907 താറാവിൻ കുഞ്ഞുങ്ങളെയും 8727 ടർക്കി കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.<br><br>കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വാർഷിക ഉല്പാദന ശേഷി ശരാശരി 8 ലക്ഷത്തിൽ നിന്നും 12 ലക്ഷത്തിനു മുകളിലായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് |

| | | | |
|---|---|---|---|
| | | | ഫാമിംഗ് മുഖേനയും കുടുംബശ്രീ വഴിയും വിതരണം ചെയ്ത് വളർത്തി കെപ്കോ തിരിച്ചെടുത്ത് കോഴിയിറച്ചിയാക്കി വില്പന നടത്തുകയും അതുവഴി കർഷകർ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾക്ക് ന്യായമായ വില ഉറപ്പാക്കുകയും ചെയ്യുന്നു. |
| ബി | സംസ്ഥാനത്തെ കോഴിക്കർഷകരെയും ഉപഭോക്താക്കളെയും ഇതര സംസ്ഥാന ലോബികൾ ചൂഷണം ചെയ്യുന്നതും കോഴി ഇറച്ചി വില ക്രമാതീതമായി വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടുവോയെന്നും ഇത് തടയുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്ത് എന്നും വ്യക്തമാക്കുമോ ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുക എന്ന ലക്ഷ്യത്തോടെ കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും, ഗുണമേന്മയിലും, ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ, എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18 വർഷം 1000 കോഴികൾ അടങ്ങുന്ന 1000 യൂണിറ്റുകൾ ആരംഭിച്ചു. തുടർന്ന് ഘട്ടം ഘട്ടമായി 2020-21 വർഷത്തോടെ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| സി) | സംസ്ഥാനത്ത് ദൈനംദിനം ആവശ്യം വേണ്ടുന്ന കോഴി ഇറച്ചി എത്രയെന്നും ഇതിൽ സംസ്ഥാന ഉത്പാദനം എത്ര യെന്നും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അളവ് എത്രയെന്നും വ്യക്തമാക്കുമോ? | സി) | 2017-18 വർഷം കേരളത്തിലെ ആകെ ഇറച്ചിക്കോഴി ഉപഭോഗം 1,81,970.098 മെട്രിക് ടൺ ആണ് (കോഴി, താറാവ്, മുതലായവ ഉൾപ്പെടെ) ഇതിൽ 73.17 ശതമാനവും (1,33,147.521 മെട്രിക് ടൺ ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങൾ വഴി കേരളത്തിൽ എത്തുന്നവയാണ്. |
| ഡി) | അന്യസംസ്ഥാന ലോബികളുടെ ചൂഷണം തടയുവാനും ഇറച്ചി വില നിയന്ത്രണ-ത്തിലാക്കാനുമായി ആരംഭിച്ച കേരള ചിക്കൻ സംബന്ധിച്ച പ്രവർത്തനം എന്തെല്ലാം എന്നും ഇതുവഴി കോഴിക്കർഷകർക്കും ഉപഭോക്താക്കൾക്കും ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | ഡി) | കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും, വിപണനത്തിലും, വില നിയന്ത്രണത്തിലും, ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ, എന്നീ സർക്കാർ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെ സംയുക്ത സംരംഭമായി *കേരളചിക്കൻ* ഉല്പാദിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു. കെപ്കോ ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ 40/- രൂപ നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിനു നൽകി KEPCO-യുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ 53 ഫാമുകളിൽ വളർത്തി 40-45 ദിവസം പ്രായവും രണ്ടു കിലോ ഭാരവുമാകുമ്പോൾ കിലോയ്ക്ക് 85/- രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസ്സസ്സ് ചെയ്ത് വിപണനം നടത്തുന്നു. ആയതിനാൽ കോഴി വളർത്തൽ കർഷകർക്ക് കോഴികളെ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട് ഒഴിവാകുകയും കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുവാനും സാധിക്കുന്നു. കൂടാതെ ഗുണമേന്മയേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനും സാധിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് 1.64 കോടി രൂപ ഉൾപ്പെടെ 18.72 കോടി രൂപ നിലവിൽ കുടുംബശ്രീ, കേരള ചിക്കൻ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>2018-19 സാമ്പത്തിക വർഷത്തിൽ 1000 ബ്രോയിലർ ചിക്കൻ വീതമുള്ള 1000 ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം ഇരുപത്തയ്യായിരം ബ്രോയിലർ ചിക്കൻ വിപണിയിൽ എത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പുതുതായി 931 ഫാമുകൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്താക്കളെ |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്. കെപ്കോയിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്ത ശേഷിക്കുന്ന ഫാമുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും, മാംസ സംസ്കരണവും, വിപണനവും ഉൾപ്പെടെ കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിക്കുന്നതിനും ആയതിൽ ലഭിക്കുന്ന ലാഭം പൂർണ്ണമായും കർഷകർക്ക് ലഭിക്കുന്ന തരത്തിൽ സംസ്ഥാനതലത്തിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ